DHARMARAM COLLEGE LIBRARY, BANGALORE.

The Palai Diocesan Bulletin

സാന്ത്വനപ്രകാശം


Dominus Illuminatio Mea

Vol. XVII | 1967 DECEMBER | No. 6

Pastoral Letter No. 87

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
സംസ്ഥാപനത്തിയാലും പാലാ രൂപതയുടെ
മെത്രാനായ

നാം

വയലിൽ  സെബാസ്റ്റ്യൻ

നമ്മുടെ അധികാരത്തിലുള്ള പള്ളികളിലേ ബ. വൈദികർക്കും
സന്യാസിമാർക്കും കന്യാസ്ത്രീകൾക്കും നമ്മുടെ പ്രിയപ്പെട്ട
വിശ്വാസികൾ ഏവർക്കും നമ്മുടെ കർത്താവിൽ
സമാധാനവും വാഴ്വും

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശം നല്കി ലോകത്തെ അനുഗ്രഹിച്ച ക്രിസ്തുനാഥന്റെ പിറവിത്തിരുനാൾ ലോകമെങ്ങും കൊണ്ടാടുന്ന മംഗളാവസരമാണല്ലോ ഇതു്. ആദ്യക്രിസ്മസ്സു് ദിനത്തിലെ ദിവ്യസന്ദേശം നാം മുഴങ്ങിക്കേൾക്കുന്നുണ്ടു്. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും" (St. Luke II - 13, 14). സ്രഷ്ടാവായ ദൈവത്തിലുള്ള വിശ്വാസവും മനുഷ്യരുടെ നല്ലമനസ്സും സമാധാനം കൈവരുത്തുന്നു. ദൈവവിശ്വാസം മന്ദീഭവിക്കയും സന്മനസ്സു ദുർബ്ബലമാകുകയും ചെയ്യുന്നതാണു് സമാധാനക്കേടിനു കാരണം. അതുകൊണ്ടു സമാധാനകാംക്ഷികൾ ഈശ്വരവിശ്വാസം പൂർവ്വോപരി ദൃഢമാക്കുകയും തങ്ങളുടെ മനസ്സിനെ ക്രൂരതൽ ഉത്ബുദ്ധമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഇന്നു യുദ്ധത്തിന്റെ കരാളശബ്ദം മുഴങ്ങിക്കേൾക്കുന്നു. "സമാധാനം, സമാധാനം" എന്നു സാമാന്യജനങ്ങൾ ആശംസിക്കുമ്പോൾ മഹാശക്തികൾ വൻതോതിലുള്ള പടയൊരുക്കങ്ങൾ നടത്തുകയാണു്. വിയറ്റ്നാമും മദ്ധ്യപൂർവ്വദേശവും യുദ്ധരംഗങ്ങളായി മാറിയിരിക്കുകയാണു്. ആഫ്രിക്കൻ രാജ്യങ്ങളിൽ പലപ്പോഴും അസ്വസ്ഥതയും കലാപവും നടമാടുന്നുണ്ടു്. ഇൻഡ്യയുടെ അതിർത്തികൾ ഒരിക്കൽ ചൈനീസാക്രമണത്തിനു വിധേയമായി; ഇപ്പോഴും ആക്രമണഭീഷണി നിലവിലിരിക്കുന്നു. സമാധാനഭഞ്ജകങ്ങളായ സംഭവങ്ങൾ നമ്മുടെ മാതൃഭൂമി ഉൾപ്പെടെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ദൈനംദിനമെന്നോണം നടന്നുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ലോകം ഇന്നു സമാധാനത്തിന്റെ മാധുര്യം ആസ്വദിക്കുന്നില്ലതന്നെ. ഈ ദുർഘട

ഘട്ടത്തിലും ബത്‌ലഹമിലെ പുൽക്കൂട്ടിൽനിന്നും സമാധാനത്തിന്റെ സന്ദേശം നന്മനസ്സുള്ളവർക്കു കേൾക്കുവാൻ കഴിയും. ഹൃദയത്തിൽനിന്നും വിദ്വേഷം അകറ്റി സ്നേഹംകൊണ്ടു നിറയ്ക്കുക. ദൈവത്തെ പിതാവായും സകല മനുഷ്യരേയും സഹോദരങ്ങളായും കാണണം. അതിനു കഴിയുന്നവർ സമാധാനം കണ്ടെത്തും.

സമാധാനത്തിന്റെ രാജാവായ മിശിഹായുടെ പ്രതിപുരുഷനാണു് മാപ്പ്പ്പാ. തന്റെ ദിവ്യഗുരുവിനെ അനുകരിച്ചു് ആറാം പൗലോസ് മാപ്പ്പ്പാ ലോകത്തിനു സമാധാനത്തിന്റെ സന്ദേശം അനുസ്യൂതം അറിയിച്ചുകൊണ്ടിരിക്കുന്നു. ഈ വർഷത്തെ ക്രിസ്മസ്സു സംബന്ധിച്ചു പ. പിതാവു് നല്കിയിരിക്കുന്ന സന്ദേശത്തിൽ ലോകസമാധാനത്തിനുള്ള തന്റെ തീവ്രമായ ആഗ്രഹം പ്രകടമാക്കിയിട്ടുണ്ടല്ലോ. സമാധാനം എന്നു പറയുമ്പോൾ ഭീരുത്വമെന്നോ പരാജയബോധമെന്നോ അർത്ഥമാക്കരുതു്. സത്യം, നീതി, സ്വാതന്ത്ര്യം, സ്നേഹം എന്നിവയിൽ അധിഷ്ഠിതമായ സമാധാനമാണു യഥാർത്ഥമായിട്ടുള്ളതു്. ആദർശയോഗ്യമായ ഈ സമാധാനം പാലിക്കുവാൻ വ്യക്തികളേയും ജനതകളേയും മാപ്പ്പ്പാ ആഹ്വാനം ചെയ്യുന്നു.

സമാധാനത്തിനു ഭീഷണിയായിത്തീർന്നിട്ടുള്ള ഭീകരസംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. രാഷ്ട്രങ്ങളുടെ സമൂലനാശത്തിനു് ഇടയാക്കിയേക്കാവുന്ന വൻതോതിലുള്ള യുദ്ധോദ്യമങ്ങൾ വർദ്ധമാനമായി വരുന്നു. ഈ സാഹചര്യത്തിൽ സമാധാനം മാത്രമാണു് മാനവപുരോഗതിക്കു നിദാനമെന്നു മാപ്പ്പ്പാ ഓർമ്മിപ്പിക്കുന്നു. സമാധാനം ക്രിസ്തുമതത്തിന്റെ സാരാംശത്തിൽപ്പെട്ടതാണു്. സമാധാനം വിളംബരം ചെയ്യുക എന്നു പറഞ്ഞാൽ ക്രിസ്തുവിനെ പ്രഖ്യാപനം ചെയ്യുക എന്നുതന്നെയാണു് അതിന്റെ അർത്ഥം.

"ക്രിസ്തുവാകുന്നു നമ്മുടെ സമാധാനം.....ശത്രുതയാകുന്ന നടുഭിത്തി തന്റെ ശരീരംകൊണ്ടു് അവിടുന്നു തകർത്തുകളഞ്ഞു" (Eph. II—14). "അവിടുത്തെ സുവിശേഷം സമാധാനത്തിന്റെ സുവിശേഷമാകുന്നു" (Eph. VI—15) എന്നിങ്ങനെ പൗലോസ് ശ്ലീഹാ ഉൽഘോഷിക്കുന്നു.

ക്രിസ്ത്യാനികൾ സമാധാനത്തിന്റെ സന്ദേശം ലോകത്തിനു നല്കിക്കൊണ്ടിരിക്കണം. സമാധാനത്തെ സ്നേഹിക്കുവാനും പോഷിപ്പിക്കുവാനും പരിരക്ഷിക്കുവാനും ലോകത്തെ പഠിപ്പിക്കണമെന്നു മാപ്പാപ്പാ ഉൽബോധിപ്പിക്കുന്നു. ഇതിനുള്ള ഒരു പ്രത്യേക ദിവസമായി നവവത്സരദിനമായ ജനുവരി ഒന്നാം തീയതി അവിടുന്നു പ്രഖ്യാപിച്ചിരിക്കുകയാണു്. ആണ്ടുതോറും സമാധാനദിനമായി ജനുവരി ഒന്നാം തീയതി കൊണ്ടാടുവാൻ നിർദ്ദേശിക്കയും ചെയ്തിരിക്കുന്നു.

മാപ്പാപ്പായുടെ സമാധാനദിനത്തെപ്പറ്റിയുള്ള ആഹ്വാനം ഐക്യരാഷ്ട്രസംഘടനയുടെ മേധാവി ഉൾപ്പടെ ലോകനേതാക്കന്മാർ ഇതിനകം സ്വാഗതം ചെയ്തുകഴിഞ്ഞു. ലോകത്തിലുള്ള സമസ്ത വിശ്വാസികളോടൊപ്പം നമുക്കും ആ ദിനം സമുചിതമായി ആചരിക്കാം. നവവത്സരദിനം പ്രതീക്ഷയുടേയും സന്തോഷത്തിന്റേയും അവസരം എന്നതുപോലെ പ്രാർത്ഥനയുടേയും പരിത്യാഗത്തിന്റേയും ദിനമായിരിക്കട്ടെ. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും കുടുംബങ്ങളിലും സമാധാനത്തിനുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തണം. നിവൃത്തിയുള്ളവരെല്ലാം അന്നു ദിവ്യകാരുണ്യം സ്വീകരിക്കയും ചെയ്യണം. ഒരു നല്ല പരസ്നേഹപ്രവൃത്തി എങ്കിലും ചെയ്തു് അന്നു് ഉണ്ണി ഈശോയ്ക്കു സമർപ്പിക്കുവാൻ ഓരോരുത്തരും ഉത്സാഹിക്കണം. നമ്മുടെ സംഘടനകളുടെ ആഭിമുഖ്യത്തിൽ യോഗങ്ങൾ ചേർന്നു സ്നേഹം, സമാധാനം, ഐക്യം എന്നീ വിഷയങ്ങളെ ആസ്പദിച്ചു പ്രസംഗങ്ങളും

ചർച്ചകളും നടത്തണം. സ്നേഹസ്വരൂപനായ ദൈവത്തിന്റെ പിതൃത്വത്തെപ്പറ്റിയും മനുഷ്യരുടെ സാഹോദര്യത്തെപ്പറ്റിയുമുള്ള സജീവമായ ബോധം ജനഹൃദയങ്ങളിൽ വേരുന്നുന്നതിനു പര്യാപ്തമായ പ്രസംഗങ്ങൾ ചെയ്യുവാൻ ബ. വൈദികർ ശ്രദ്ധിക്കണം. ഈ വിഷയം സംബന്ധിച്ചു സ്റ്റഡിക്ലാസ്സുകൾ നടത്തുന്നതും സമുചിതമായിരിക്കും.

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

നമ്മുടെ ജനങ്ങളുടെ ഇടയിൽ മദ്യപാനാസക്തി വർദ്ധിച്ചുവരുന്നതായി ഖേദപൂർവ്വം നാം അറിയുന്നു. മദ്യം മനുഷ്യരുടെ മനസ്സിനെ മയക്കുകയും ദുർബ്ബലമാക്കുകയും ചെയ്യുന്നു. ആത്മനിയന്ത്രണംവിട്ട പ്രവർത്തിക്കുവാനിടയാകുന്നു. ക്രമവിരുദ്ധം ലഹരിപദാർത്ഥങ്ങൾ ബുദ്ധിയെ പ്രതികൂലമായി ബാധിക്കുന്നു. മിശിഹായുടെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട നിരവധി ആത്മാക്കളെ മദ്യം ആത്മീയാന്ധതയിലേക്കും അന്ധകാരത്തിലേക്കും വലിച്ചിഴയ്ക്കുന്നു എന്നു് 12-ാം പീയൂസു മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുണ്ടു്. മദ്യപാനംനിമിത്തം അനേകം കുടുംബങ്ങൾ ധാർമ്മികമായും സാമ്പത്തികമായും അധഃപതിക്കുന്നതു നിങ്ങൾക്കറിവുള്ളതാണല്ലോ. കുടുംബത്തലവൻ മദ്യപിച്ചു കലഹം ഉണ്ടാക്കുന്നതിനാൽ ഭാര്യയും മക്കളും ക്ലേശിക്കുകയും ദുഃഖിക്കുകയും ചെയ്യുന്നതായി പരാതികൾ വളരെയുണ്ടു്. യുവാക്കന്മാർ മദ്യപ്പിശാചിനു് അടിമപ്പെട്ടുപോകുന്നതിനാൽ അവർ തങ്ങളെയും തങ്ങളെ ആശ്രയിക്കുന്നവരെയും കഷ്ടസ്ഥിതിയിലാക്കുന്നു. വിദ്യാഭ്യാസവും സംസ്കാരവും സാർവ്വത്രികമായിവരുന്ന എന്നഭിമാനിക്കുന്ന ഇക്കാലത്തു മദ്യപാനാസക്തി ഇങ്ങനെ പടർന്നുപിടിക്കുന്നതായി കാണുന്നതു് സങ്കടകരമാണു്. നമ്മുടെ കുടുംബങ്ങളുടേയും സമുദായത്തിന്റേയും രാജ്യത്തിന്റേയും ശ്രേയസ്സിനെ കാംക്ഷിക്കുന്നവർ ഈ തിന്മ നാട്ടിൽനിന്നും ഉച്ചാടനം ചെയ്യുവാൻ ഉദ്യമിക്കേണ്ടതാണു്.

കേരളാ മദ്യവജ്ജനസംയുക്തക്രൈസ്തവസമിതി എ
ന്നപേരിൽ ഒരു സംഘടന സ്ഥാപിതമായിട്ടുണ്ട്. അതിന്റെ
ആഭിമുഖ്യത്തിൽ മദ്യവജ്ജനയോഗങ്ങൾ സംഘടിപ്പിച്ചു
പ്രചരാണവേല നടത്തിവരുന്നുണ്ട്. നമ്മുടെ ശ്രുപതയിലും
തൽസംബന്ധമായ പ്രചാരണയോഗങ്ങളും പ്രസംഗങ്ങളും
നടന്നുകാണുവാൻ നാം ആഗ്രഹിക്കുന്നു. മദ്യപാനംകൊണ്ടു
ള്ള ദുഷ്യങ്ങൾ ബഹുജനങ്ങളെ പറഞ്ഞുമനസ്സിലാക്കേണ്ട
തു് അത്യാവശ്യമാണു്. യുവജനങ്ങളും വിദ്യാർത്ഥികളും
മദ്യപിക്കുന്ന ശീലം സമ്പാദിക്കാതിരിക്കുവാൻ അവർക്കു
വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കുവാൻ ഗുരുജന
ങ്ങൾ ഉത്സാഹിക്കണം.

ആണ്ടുതോറും ജനുവരിമാസം രണ്ടാം ഞായർ മദ്യ
വജ്ജനദിനമായി ആചരിക്കുവാൻ സംയുക്തസമിതി അ
ഹ്വാനം ചെയ്തിരിക്കയാണു്. നമ്മുടെ ശ്രുപതയിലെ എ
ല്ലാ ഇടവകകളിലും 1968 ജനുവരി 14-ാം തീയതി ഞായ
റാഴ്ച മദ്യവജ്ജന ദിനമായി ആചരിക്കണമെന്നു നാം നിർദ്ദേ
ശിക്കുന്നു. ബ. വൈദികർ അന്നു പള്ളികളിൽ ഈ കാര്യം
സംബന്ധിച്ചു ജനങ്ങൾക്കു ഉൽബോധനം നല്കണം. ഇടവ
കകളിലുള്ള ഭക്തസംഘടനകളും സമാജങ്ങളും ഒന്നുചേർന്നു്
മഹായോഗങ്ങൾക്കുടി മദ്യപാനത്തിന്റെ ദുഷ്യത്തെപ്പററി
പ്രതിപാദിച്ചു പ്രസംഗിക്കണം.

നമ്മുടെ നാട്ടു് ഒരു പ്രതിസന്ധിഘട്ടത്തെ നേരിട്ടു
കൊണ്ടിരിക്കയാണു്. എന്തു വിപത്തുവന്നാലും സുദൃഢമായ
ദൈവവിശ്വാസവും ഉൽകൃഷ്ടമായ സ്വഭാവഗുണവുമുള്ള ഒരു
ജനതയ്ക്കു് ഒന്നും ഭയപ്പെടാനില്ല. എന്നാൽ ദൈവത്തിൽ
നിന്നകന്നുപോകയും സ്വഭാവഗുണം നഷ്ടപ്പെട്ടുകയും ചെ
യ്താൽ ആ ജനതയെ നാശത്തിൽനിന്നും രക്ഷിക്കുക സാദ്ധ്യ
മല്ല. അതിനാൽ നമ്മുടെ പൂർവന്മാർ, വിശിഷ്യ നമ്മുടെ

ഭാവി പൗരന്മാർ, ഈശപരവിശ്വാസത്തിലും സന്മാർഗ്ഗനിഷ്ഠയിലും ദൃഢവ്രതരായിരിക്കുവാൻ കഴിവുള്ളതൊക്കയും നാം ചെയ്യണം. ബ. വൈദികരുടേയും പൊതുജനങ്ങളുടേയും അവഗാഢമായ ശ്രദ്ധ ഇക്കാര്യത്തിൽ പതിഞ്ഞുകാണുവാൻ ആഗ്രഹിക്കുന്നു.

ക്രിസ്മസ്സിന്റേയും നവവത്സരത്തിന്റേയും സ്വസ്തി മംഗളങ്ങളും ആശംസിച്ചുകൊണ്ട്, പിതാവിന്റേയും ✠ പുത്രന്റേയും ✠ പരിശുദ്ധാത്മാവിന്റേയും ✠ നാമത്തിൽ നിങ്ങളേവരേയും നാം ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

സെബാസ്റ്റ്യൻ വയലിൽ
പാലാ ശ്ര. മെത്രാൻ

മെത്രാസനമന്ദിരം,
പാലാ
28—12—1967

N. B. **നമ്മുടെ ഈ ഇടയലേഖനം അടുത്ത ഞായറാഴ്ച വി. കുർബാനയിലേ ഏവൻഗേലിയോൻ കഴിഞ്ഞു പള്ളിയിൽ വായിച്ചു കൊള്ളണം.**

സമ്മർസ്ക്കൂൾ മത്സരപ്പരീക്ഷ

1967-ലേ സമ്മർസ്കൂൾ മത്സരപ്പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുന്നു. സമ്മാനാർഹരായ കുട്ടികളേയും അവരെ പഠിപ്പിച്ച അദ്ധ്യാപകരേയും അനുമോദിക്കുവാൻ ഈയവസരം വിനിയോഗിക്കുകയാണു്. സമ്മാനാർഹരായവർക്കു് പതിവുപോലെ വന്ദ്യപിതാവിന്റെ നാമകാരണനായ വി. സെബസ്ത്യാനോസിന്റെ തിരുനാളിൽ (ജനുവരി 20) വന്ദ്യപിതാവുതന്നെ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതായിരിക്കും. അന്നേദിവസംതന്നെ മിഷൻഞായർ പിരിവിൽ കൂടുതൽ തുകകൾ ശേഖരിച്ച സ്കൂളുകളുടെ പ്രതിനിധികളും വന്നു സമ്മാനങ്ങൾ വാങ്ങേണ്ടതാണു്.

മൈത്രാസനമന്ദിരം,
പാലാ
28—12—1967

മതബോധനഡയറക്ടർ

1967 മേയ് 21-ാംനു നടത്തപ്പെട്ട മത്സരപ്പരീക്ഷയിൽ സമ്മാനാർഹരായവർ

1

സ്പെഷ്യൽ ക്ളാസ്സ്

ഒന്നാംസമ്മാനം: ജോസ് കിഴക്കേക്കര, തുടങ്ങനാട്ട്

രണ്ടാംസമ്മാനം: തോമസ് സെബാസ്റ്റ്യൻ
കിഴക്കേവള്ളിപ്പള്ളിൽ, കൂടല്ലൂർ

പ്രോത്സാഹകസമ്മാനങ്ങൾ:

1 ലീലാമ്മ കുന്നത്ത്, അമ്പാറനിരപ്പേൽ
2 തങ്കമ്മ കാവുങ്കൽ, കയ്യൂർ

ഏഴാം ക്ളാസ്സ്

ഒന്നാംസമ്മാനം: ജോസഫ് പി. ജെ.,
പോത്തനാമല; മഞ്ഞാമറ്റം
(പ്രത്യേകസമ്മാനം 50 രൂപ)

രണ്ടാംസമ്മാനം: ഫിലോമിനാ കെ. ജെ.; കളപ്പുരക്കൽ; വടകര
(പ്രത്യേകസമ്മാനം 30 രൂപാ)

പ്രോത്സാഹകസമ്മാനങ്ങൾ:

1 ലീലാമ്മ ജോസഫ് തടത്തിൽ, കൂടല്ലൂർ
2 ത്രസ്യാമ്മ ചെമ്പകശ്ശേരിൽ, കുറവിലങ്ങാട്ട്
3 ജോസ് ജെ. പഴേംപള്ളി, മഞ്ഞാമറ്റം
4 ജോസ് സെബാസ്റ്റ്യൻ മലമ്പുറം, മഞ്ഞാമറ്റം
5 ജോസ് വട്ടമറ്റം, മേലുകാവു്
6 തോമസ് പി. റവി., പുന്നപ്ലാക്കൽ, പ്ലാശനാൽ
7 ത്രസ്യാമ്മ തോമസ് പന്തലാനി, കരിമ്പാനി
8 ത്രസ്യാമ്മ വട്ടമറ്റം, മേലുകാവു്
9 ഏലിയാമ്മ മൂട്ടർ, പറത്താനം
10 തെക്കു കല്ലടച്ചേരിയാങ്കൽ, കുറവിലങ്ങാട്ട്

ആറാം ക്ളാസ്സ്

ഒന്നാം സമ്മാനം: ഏലിക്കുട്ടി ചക്കാലയിൽ, മുണ്ടാങ്കൽ
രണ്ടാം സമ്മാനം: ഏലിയാമ്മ ഈറ്റയ്ക്കുന്നേൽ, പയസ്മൗണ്ട്

പ്രോത്സാഹക സമ്മാനങ്ങൾ:

1 അന്നമ്മ പൂനാട്ട്, പറത്താനം
2 എത്സമ്മ കുത്തിവളച്ചേൽ, മുണ്ടാങ്കൽ
3 എത്സമ്മ കക്കാട്ടുതടത്തിൽ, ഏലഞ്ഞി
4 അന്നമ്മ മണ്ണാറമറ്റം, മുണ്ടാങ്കൽ
5 മേരിക്കുട്ടി മാത്യു കിഴക്കേൽ, കുന്നോന്നി
6 ത്രസ്യാമ്മ തോമസ് കളപ്പുരയ്ക്കൽ, മഞ്ഞാമറ്റം
7 വത്സമ്മ പാറാനിക്കരോട്ട്, കുറവിലങ്ങാട്ട്
8 ഏലിക്കുട്ടി ചാക്കോ അരമത്തുണ്ട്, കുന്നോന്നി
9 ഏലിക്കുട്ടി പി. ജെ. കുട്ടിക്കൽ
10 മേഴ്സിജോസഫ്, പാലാ കത്തീഡ്രൽ

അഞ്ചാം ക്ളാസ്സ്

ഒന്നാം സമ്മാനം: ത്രസ്യാമ്മ ജോസഫ് പുളിക്കക്കുന്നേൽ
രണ്ടാം സമ്മാനം: വത്സമ്മ കുറുവാച്ചിറ, കടപ്ലാമറ്റം

പ്രോത്സാഹക സമ്മാനങ്ങൾ:

1 അന്നമ്മ മാത്യു തെരുവിൽ, മുണ്ടാങ്കൽ
2 പെണ്ണമ്മ എളംതുരുത്തിയിൽ, കൈപ്പള്ളി
3 മേഴ്സി പടിഞ്ഞാറേട്ട്, കുറവിലങ്ങാട്ട്
4 പി. സി. ജോയി, പുതിയാപറമ്പിൽ
5 മേരി ജോസഫ് ഞാവള്ളിൽകുന്നംകുളം, ളാലം
6 മേരിക്കുട്ടി ജോസഫ് വാക്കയിൽ, മറ്റക്കര
7 മേരി ചെന്നല്ലിൽ, കുറവിലങ്ങാട്ട്
8 മറിയക്കുട്ടി ഫ്രാൻസിസ് പൂവത്തോലിൽ, പൂഞ്ഞാർ
9 ജോർജ്ജുകുട്ടി കുര്യൻ പൂതൃശ്ശേരിൽ, മഞ്ഞാമറ്റം
10 ത്രസ്യാമ്മ സ്കറിയാ ഏലഞ്ഞിമറ്റം, കുന്നോന്നി

നാലാം ക്ളാസ്സ്

ഒന്നാം സമ്മാനം: ചിന്നമ്മ കുഴിക്കാട്ടിൽ, കുറവിലങ്ങാട്ട്

രണ്ടാം സമ്മാനം: മേരി കിഴക്കേക്കര, കൂടല്ലൂർ

പ്രോത്സാഹക സമ്മാനങ്ങൾ:

1 മാർഗരറ്റ് സെലിൻ, ളാലം
2 അന്നക്കുട്ടി ജോസഫ് കുപ്പമല, മഞ്ഞാമറ്റം
3 ത്രേസ്യാമ്മ സക്കറിയാസ് പയ്യാനിമണ്ഡപത്തിൽ, മഞ്ഞാമറ്റം
4 ആലീസ് പുതുശ്ശേരിതൊട്ടിയിൽ, കൂടല്ലൂർ
5 ഏലിയാമ്മ കുളിരാനിയിൽ, കടപ്ലാമറ്റം
6 ത്രേസ്യാമ്മ ജോർജ്ജ് എടാട്ട്, ഇളംതോട്ടം
7 ത്രേസ്യാമ്മ പൂവത്തിനാൽ, ചേപ്പുങ്കൽ
8 ജോർജ്ജ് സെബാസ്റ്റ്യൻ, മഞ്ഞാമറ്റം
9 മേരിക്കുട്ടി പൂവംനില്ക്കുന്നതിൽ, കൂടല്ലൂർ
10 മേരി പൊൻതൊട്ടിയിൽ, കളത്തൂർ

1967-ലെ മിഷൻ ഞായർ പിരിവ്

പള്ളികൾ (തുടർച്ച)

	Rs.	Ps.
കുടനാട്ടു്	300	00
ഇടമറ്റം	220	00
കീഴപറയാർ	160	00
ഇളന്തോട്ടം	151	00
കുമ്മണ്ണൂർ അനാഥശാല ചാപ്പൽ	150	00
വെള്ളികുളം	148	22
കുന്നൂർ	135	80
കുറിഞ്ഞി	125	00
മൂഴൂർ (രണ്ടാം പ്രാവശ്യം)	120	00
അയ്യമ്പാറ	113	50
മരങ്ങോലി	101	44
പാളയം	100	00
മുത്തോലി കൊവേന്ത	75	11
മുളക്കുളം	70	00
മൗണ്ടു് കാർമ്മൽ കീഴൂർ	57	00
പിറവം	50	00
D. S. ആശുപത്രി ചാപ്പൽ	37	00
തീക്കോയി (രണ്ടാംപ്രാവശ്യം)	13	50
പൈങ്ങുളം ,,	5	55
ഒരു ഗ്രണകാംക്ഷി	50	00

മറ്റു സ്ഥാപനങ്ങൾ

അൽഫോൻസാ കോളേജു് പാലാ	530	00
സെന്റു് ജോസ്സ്സ്സു് കോളേജു് അരുവിത്തുറ	490	00
സെൻറു് തോമസു് കോളേജു് പാലാ	201	00
C. R. and Fatima Hostel, Palai	300	00
അൽഫോൻസാ ഹോസ്റ്റൽ	180	00
അഡൊറേഷൻ ഹോസ്റ്റൽ	136	50
ഗ്രഡു് ഷെപ്പേർഡു് മൈനർ സെമിനാരി	220	00
സെൻറു് ജോസഫ്സു് മിഷൻ ഹോം	200	00
ഹോളിഗോസ്റ്റു് ഹോസ്പിറ്റൽ, മുട്ടുചിറ	125	00
കെഴുവനാൽ ഹോസ്പിറ്റൽ	36	00
ചക്കാമ്പുഴ ഹോസ്പിറ്റൽ	30	00
മിഷണറി ഇൻസ്റ്റിറ്റ്യൂട്ടു് ഓഫു് മേരി ഇമ്മാക്കുലേറ്റു് പാലാ	65	92

ഹൈസ്ക്കൂളുകൾ

സെന്റ് മേരീസ് ഹൈസ്കൂൾ തീക്കോയി (ഒന്നാംസ്ഥാനം)	751	00
,, പീറേറഴ്സ് ഹൈസ്കൂൾ ഇലഞ്ഞി (രണ്ടാംസ്ഥാനം)	548	00
,, തോമസ് ഹൈസ്കൂൾ തുടങ്ങനാട്	527	00
,, ആൻറണീസ് കടപ്ലാമറ്റം	401	00
,, ജോർജ്ജസ് ഹൈസ്കൂൾ അരുവിത്തുറ	325	00
,, രസബാസ്റ്റ്യൻസ് കുടനാട്	325	00
,, ജോസഫ്സ് G. H. S. മുത്തോലി	300	00
,, പോൾസ് G. H. S. മുത്തോലിപുരം	260	00
ലിറ്റിൽ ഫ്ളവർ G. H. S. കാഞ്ഞിരമറ്റം	225	00
സെന്റ് മേരീസ് G. H. S. കുറവിലങ്ങാട്	195	25
അൽഫോൻസാ G. H. S. വാകക്കാട്	178	00
സെന്റ് ജോൺസ് കാഞ്ഞിരത്താനം	173	50
,, ആൻറണീസ് പ്ലാശനാൽ	160	00
,, ജോർജ്ജസ് ക്രൂട്ടിക്കൽ	151	00
,, L. F. G. H. S. വടകര	150	00
,, അഗസ്തസ് G. H. S. മുട്ടുചിറ	150	00
,, ജോസഫ്സ് G. H. S. മറവക്കര	125	00
,, പോൾസ് വലിയകുമാരമംഗലം	120	00
,, മേരീസ് G. H. S. പാലാ	111	60
കെ. ജെ. ററി. മെമ്മോറിയൽ ഇടമറ്റം	110	90
സെൻറ് അലോഷ്യസ് മണലുങ്കൽ	97	00
,, മേരീസ് (Boys) ഭരണങ്ങാനം	59	00
,, ജോസഫ്സ് H. S. നീലൂർ	50	00
,, ജോസഫ്സ് H. S. വിളക്കുമാടം	11	00
,, തോമസ് ബെയ്സിക് ട്രയിനിംഗ് സ്കൂൾ	10	00

അപ്പർ പ്രൈമറി സ്ക്കൂളുകൾ

സെന്റ് ജോർജ്ജസ് മൂലമറ്റം (ഒന്നാം സ്ഥാനം)	390	00
,, അഗസ്റ്റിൻസ് പെരിങ്ങളം (രണ്ടാം സ്ഥാനം)	222	25
,, തെരേസാസ് വിളക്കുമാടം	151	00
,, ജോസഫ്സ് ക്രൂസ്	150	00
,, തോമസ് U. P. S. മേലുകാവു്	145	00
,, ജോസഫ്സ് മലയിഞ്ചിപ്പാറ	140	00
L. F. U. P. S. മുണ്ടാങ്കൽ	137	00
സെന്റ് ജോസഫ്സ് കുണ്ടാടിയുറുമ്പു്	100	00
ഹോളി ക്രോസ് U. P. S. ചേർപ്പുങ്കൽ	86	00
സെന്റ് മേരീസ് കുളത്തൂർ	78	20

സെന്റ് ജോൺസ് കുറുമണ്ണ്	65	00
,, ജോസഫ്സ് കുടക്കിച്ചിറ	60	00
,, ജോസഫ്സ് മണിയങ്കുന്ന്	58	50
,, ജോസഫ്സ് കരുർ	51	00
കലാനിലയം പുലിയന്നൂർ	50	00
S. H. U. P. S. ഉള്ളനാട്	50	00
സെന്റ് സേവ്യേഴ്സ് പാളയം	50	00
,, ആൻറണീസ് പൂഞ്ഞാർ	50	00
,, തോമസ് അറക്കുളം	40	00
,, ആൻറണീസ് പാറേവാ	40	00
,, ജോൺ നെപ്പുസ്യാൻസ് കൊഴുവനാൽ	30	00
,, മരിയഗൊരേത്തി U. P. S. ചേന്നാട്	23	00
,, തോമസ് നീറന്താനം	21	50
,, സേവ്യേഴ്സ് കുറുപ്പന്തറ	16	05
,, തോമസ് പൂവത്തോട്	7	35

എൽ. പി. സ്ക്കൂൾ

L. F. L. P. S. ഭരണങ്ങാനം (ഒന്നാംസ്ഥാനം)	150	00
സെന്റ് ജോസഫ്സ് L. P.S. മുത്തോലി (രണ്ടാംസ്ഥാനം)	136	00
സെന്റ് മേരീസ് തീക്കോയി	131	00
സെന്റ് തോമസ് തുടങ്ങനാട്	120	00
സെന്റ് തോമസ് L. P. S പാലാ	95	00
സെന്റ് മേരിസ് (girls) കുറവിലങ്ങാട്	90	00
സെന്റ് മാത്യൂസ് കടനാട്	80	00
സെന്റ് തോമസ് L. P.S. മരങ്ങാട്ടുപിള്ളി	64	00
,, ഡോമനിക് സാവ്യോ മല്ലികശ്ശേരി	60	00
,, ജോസഫ്സ് കടപ്ലാമറ്റം	52	70
,, അഗസ്റ്റ്യൻസ് പ്രവിത്തനം	52	00
,, പോളിസ് വാകക്കാട്	52	00
,, അഗസ്സ് മുട്ടുചിറ	50	00
Dr. ജെയിംസ് K. C. M. വെട്ടിക്കാനം	46	00
L. F. L. P. S. പൈക	40	00
സെന്റ് പോൾസ് മുത്തോലപുരം	40	00
L. P. S. ബോയിസ് കുറവിലങ്ങാട്	31	00
സെന്റ് മേരിസ് അരുവിത്തുറ	30	00
മറവക്കര-അടപ്പൂർ L. P. S.	30	00
സെന്റ് ജോഷ്വസ് കുടുത്തുരുത്തി	30	00
L. F. L. P. S. ചെമ്മലമറ്റം	30	00
L. F. L. P. S. കാരുത്തിരമറ്റം	25	00
L. F. L. P. S. മണിയങ്കുളം	10	00

സെൻറ് ജോഷ്വാസ് എലിവാലി	7	00
,, ജോൺസ് അമ്പാറനിരപ്പേൽ	13	00
,, മേരീസ് കുളത്തൂർ	25	00
S.H. L. P. S. രാമപുരം	25	00
Sea View എസ്റ്റേറ്റ് L. P. S.	18	45
ഹോളി ജീസസ്സ് L.P.S. തോടനാൽ	18	50
സെൻറ് ജോഷ്വാസ് ചിറ്റാർ	22	75
,, ,, മുത്തോലി	16	67
L. P. S. കുടക്കച്ചിറ	16	62
സെൻറ് ആൻറണീസ് കുടല്ലൂർ	10	00
രാമപുരം നോർത്ത് L. P. S.	10	45
സെൻറ് തോമസ് പാലകര	10	56
,, ജോഷ്വാസ് വെയിൽകാണാമ്പാറ	10	00
Holy Family L. P. S. മണലുങ്കൽ	20	00
സെൻറ് പീറ്റേഴ്സ് ഇലഞ്ഞി	20	00
L. F. L. P. S. വടകര	27	0

DHARMARAM COLLEGE LIBRARY. 23887 BANGALORE.

തിരുത്ത്: 1967ലെ മിഷൻപിരിവിൽ സീറിയൽ 23 കടപ്ലാമറ്റം പള്ളിക്കു Rs. 300 എന്നതു് Rs 134-47 എന്നു് തിരുത്തിവായിക്കേണ്ടതാണു്.

ഒന്നും രണ്ടും സമ്മനാർഹരായ ഹൈസ്കൂൾ, U. P. S., L. P. S. ഇവ വിഭാഗങ്ങൾക്കുള്ള കപ്പുകൾ അഭിവന്ദ്യപിതാവിൻറെ നാമഹേതുകത്തിരുനാളായ 1968 ജനുവരി 20-ാംതീയതി അരമനയിൽവച്ചു നല്കുന്നതാണു്.

പ്രോക്കുറേറർ

Printed at the St Thomas Press, Palai
and published by Fr. Thomas Purayidom